ഉത്തരം

(എ) സ്റ്റുഡന്റ് പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. പോലീസ്, വിദ്യാഭ്യാസ വകുപ്പുകളിലെ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് തുടർ പരിശീലനം കാലാകാലങ്ങളിൽ നൽകുന്നതോടൊപ്പം സംസ്ഥാനതല ഇൻസ്പെക്ഷൻ വിംഗ്, പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകുന്നുമുണ്ട്.

(ബി) എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇത് പോലീസ് വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത പദ്ധതിയാണ്.

കേസന്വേഷണം സി.ബി.ഐ.-ക്ക് വിടുന്നതിന്റെ മാനദണ്ഡം

58 (1799) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് അന്വേഷിക്കുന്ന കേസുകൾ സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ ശിപാർശ ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.ഐ. അന്വേഷണത്തിന് വിട്ട എത്ര കേസുകളിൽ പോലീസുദ്യോഗസ്ഥർ പ്രതികളാണ് ;

(സി) അത്തരത്തിലുള്ള കോടതി നിർദ്ദേശത്തിനെതിരെ ഈ കാലയളവിൽ എത്ര കേസ്സുകളിൽ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട് ; ഏതൊക്കെ കേസുകളിൽ ; അവയിൽ അപ്പീൽ കോടതിയുടെ തീർപ്പ് എന്തായിരുന്നു ;

(ഡി) അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട് വക്കീൽ ഫീസുൾപ്പെടെ എന്തു തുക ചെലവായി ; അപ്പീൽ സമർപ്പിക്കാനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനം

57 (1800) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ വർഷം എന്തൊക്കെ ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ ഫോറൻസിക് ലാബുകളിൽ ആവശ്യമായ ജീവനക്കാരും മറ്റ് സൗകര്യങ്ങളുമില്ലാത്തതിനാൽ പല ടെസ്റ്റുകളും നടത്താനാകാത്ത അവസ്ഥ പരിഹരിക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(സി) ഫോറൻസിക് ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുള്ളതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഫോറൻസിക് ലാബിന്റെ ആവശ്യത്തിനായി 2010-11 വർഷത്തിൽ താഴെപ്പറയുന്നവ വാങ്ങിയിട്ടുണ്ട്.

1.	Ordinary Shaker	-	1 No.
2.	Refrigerated Centrifuge	-	1 No.
3.	Fume Hood	-	3 No.

ഇതു കൂടാതെ ഡി.എൻ.എ. ഡിവിഷനു വേണ്ടി ഒരു ഡിജിറ്റൽ സ്റ്റിൽ ക്യാമറയും, സൈബർ ഡിവിഷനുവേണ്ടി ഏതാനും ചെറിയ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(ബി) കുറ്റകൃത്യം നടന്ന സ്ഥലം പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കാനായി ജില്ലകളിൽ പരിശീലനം സിദ്ധിച്ച സയന്റിഫിക് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയിലും തൃശ്ശൂരിലേയും കണ്ണൂരിലേയും റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലേയ്ക്കും 30-11-2009-ലെ G.O. (MS) No.192/09/Home പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1.	Assistant Director	-	6 No.
2.	Scientific Assistant	-	12 Nos
3.	Technical Attender	-	3 Nos.
4.	Head Clerk	-	1 No.
5.	L.D. Clerk	-	2 Nos.

(സി) സംസ്ഥാന ഫോറൻസിക് ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലാബിന്റെ കൂടുതൽ സൗകര്യങ്ങളുമായി നാലാമത്തെ നിലയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇതു കൂടാതെ നവീകരണത്തിന്റെ ഭാഗമായി കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. കണ്ണൂരും തൃശ്ശൂരും ഉള്ള റീജിയണൽ ലാബുകൾ പൂർണ്ണമായി സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly